**പതിനാലാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1497** — **30.01.2018-ൽ മറുപടിക്ക്**

## മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകാനുള്ള സംവിധാനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. പാറക്കൽ അബ്ദുല്ല** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് വർഷംതോറും മത്സ്യബന്ധനത്തിനിടെ കടലിൽ ജീവൻ പൊലിയുന്നവരുടെ ശരാശരി എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് മത്സ്യബന്ധനത്തിനിടയിൽ അപകടം മൂലം മരണപ്പെടുകയോ/കാണാതാകുകയോ ചെയ്യുന്ന മത്സ്യത്തൊഴിലാളികളുടെ ശരാശരി എണ്ണം 40 ആണ്. |
| (ബി) | മത്സ്യബന്ധനത്തിനിടെ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കാനായി പ്രഖ്യാപിച്ച വാട്ടർ ആംബുലൻസ്, തീരദേശ വിമാനം എന്നീ പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (ബി) | മൂന്ന്(3) മറൈൻ ആംബുലൻസുകൾ വാങ്ങുന്നതിന് 6 കോടിയുടെ ഭരണാനുമതി നൽകുകയും, 2 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. കൊച്ചിൻ ഷിപ്പ് യാർഡ് 3 മറൈൻ ആംബുലൻസുകൾ ഓരോന്നിനും 5.6 കോടി രൂപ + GST നിരക്കിൽ നിർമ്മിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. കൂടാതെ കൊച്ചിൻ ഷിപ്പ് യാർഡ്, BPCL എന്നീ സ്ഥാപനങ്ങളോട് സ്പോൺസർ ചെയ്യുന്നതിനുള്ള അഭ്യർത്ഥന നടത്തിയിട്ടുണ്ട്. 'തീരദേശ വിമാനം' എന്നൊരു പദ്ധതി ഫിഷറീസ് വകുപ്പുവഴി നടപ്പിലാക്കുന്നില്ല. |
| (സി) | കടലിലെ താപവ്യതിയാനങ്ങളെക്കുറിച്ച് മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകാനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (സി) | കടലിലുണ്ടാകുന്ന താപവ്യതിയാനം, മർദ്ദവ്യത്യാസം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിനുള്ള സാങ്കേതിക വിദ്യ "INCOIS" വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇങ്ങനെ വിവരങ്ങൾ കൈമാറുന്നതിനായി കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുടെ ലഭ്യമായിട്ടുള്ള മൊബൈൽ നമ്പറുകൾ ശേഖരിച്ച് INCOIS ന് കൈമാറിയിട്ടുണ്ട്. |
| (ഡി) | ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്ക് കടലിൽ സുരക്ഷ ഒരുക്കുന്നതിന് കൈക്കൊണ്ട നടപടികളും ഭാവിയിൽ കൈക്കൊള്ളാനുദ്ദേശിക്കുന്ന നടപടികളും എന്താണെന്ന് വ്യക്തമാക്കുമോ? | (ഡി) | ദുരന്തത്തിൽ മത്സ്യബന്ധന യാനങ്ങൾ പൂർണ്ണമായി തകർന്ന് നഷ്ടപ്പെട്ടുപോയ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായ FRP ബോട്ടുകൾ നൽകുന്നതിനുള്ള പദ്ധതിയ്ക്ക് 9.88 കോടി രൂപയുടെ ഭരണാനുമതി |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾക്ക് ലൈഫ് ജാക്കറ്റ്, റേഡിയോ ബീക്കൺ എന്നിവ അടങ്ങിയ സുരക്ഷാ കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിന് സഹായകമായ 'നാവിക്' എന്ന ഉപകരണം ഐ.എസ്. ആർ.ഒ. വികസിപ്പിച്ചെടുത്തിട്ടുണ്ട്. ജനുവരി 31നകം 500 എണ്ണം മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിന് ഐ.എസ്.ആർ.ഒ. സൗജന്യമായി നൽകാമെന്നേറ്റിട്ടുണ്ട്. തുടർന്ന് എല്ലാ മത്സ്യബന്ധന യാനങ്ങൾക്കും 'നാവിക്' ലഭ്യമാക്കും. 1500 കിലോമീറ്റർ അകലെവരെ ഈ ഉപകരണത്തിന്റെ സഹായത്താൽ സന്ദേശം എത്തിക്കാൻ കഴിയും. മത്സ്യബന്ധനത്തിന് പോകുന്ന സമയത്തും തിരിച്ചുവരുന്ന സമയത്തും മത്സ്യത്തൊഴിലാളികളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള മൊബൈൽ ആപ്ളിക്കേഷൻ NIC യുടെ സഹായത്തോടെ വികസിപ്പിച്ചിട്ടുണ്ട്. കുടാതെ മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ കടൽ രക്ഷാ പ്രവർത്തങ്ങൾക്കുളള സംവിധാനം 9 മറൈൻ ജില്ലകളിലും ഒരുക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ